**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 396** **10-08-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരാലംബരായ ജനങ്ങൾക്ക് ആശ്വാസം എത്തിക്കാൻ വേണ്ടി തുടങ്ങിയ ആശ്വാസ കിരണം പദ്ധതിയുടെ പ്രവർത്തനം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ശാരീരിക വൈകല്യമുള്ളവർ, മാനസിക രോഗം ബാധിച്ചവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ബുദ്ധിമാന്ദ്യമുള്ളവർ തുടങ്ങിയവരെയെല്ലാം പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതി നിലവിൽ തുടർന്നു വരുന്നു. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉടനെ വിതരണം ചെയ്യുന്നതാണ്. |
| (സി) | ആശ്വാസ കിരണം പദ്ധതി പുനരാരംഭിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം |

| | | | |
|---|---|---|---|
| | | | ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതി നിലവിൽ തുടർന്നു വരുന്നു. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉടനെ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ